"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ ശ്രീമതി. ഷംലാബീവി. പി.എസ് ന് 09.7.2020 മുതൽ 19.3.2021 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.3/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/01/2022

---

പരാമർശം:- 1. ശ്രീമതി. ഷംലാബീവി. പി.എസ്സമർപ്പിച്ച അവധി അപേക്ഷ.

2. പഞ്ചായത്ത് ഡയറക്ടറുടെ 02.11.2021ലെ PAN/13511/2021-E9(DP)നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ ശ്രീമതി. ഷംലാബീവി പി.എസ് ന്റെ ഇലന്തൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായിരുന്ന കാലയളവിലെ 09/07/2020 മുതൽ 19/03/2021 വരെയുള്ള 254 ദിവസത്തെ ശൂന്യവേതനാവധി ക്രമവൽക്കരിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും അനുബന്ധരേഖകളും തുടർനടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചു. ശ്രീമതി. ഷംലാബീവി. പി.എസ് സമർപ്പിച്ച അപേക്ഷയിൽ 09/07/2020 മുതൽ 19/03/2021 വരെ ചികിൽസക്കായി ശൂന്യവേതനാവധി അനുവദിക്കുന്നതിനായി അപേക്ഷിക്കുകയും ടി കാലയളവിലെ മെഡിക്കൽ സർട്ടിഫിക്കറ്റും 20.3.2021 തീയതിയിലെ മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റും ഇലന്തൂർ പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രവും ഹാജരാക്കി. 20.3.2021 തീയതിയിലെ മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാൾ തിരികെ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീമതി. ഷംലാബീവി. പി.എസ് ഫുൾ ടൈം സ്വീപ്പറാണെങ്കിലും ഇലന്തൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായിരുന്ന കാലയളവിലെ അവധി അനുവദിക്കുന്നതിനാണ് അപേക്ഷിച്ചിരിക്കുന്നത്. 05.07.2017 ലെ സ. ഉ (പി) നം. 8/2017/ഉഭപവ പ്രകാരം അവധി അനുവദിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അവധി അപേക്ഷയിൽ ശിപാർശ ചെയ്തിട്ടുണ്ട്.

3. മേൽ സാഹചര്യങ്ങളിൽ കേരള പർട്ട് ടൈം കണ്ടിജന്റ് ചട്ടം 14(b) പ്രകാരവും 05.07.2017 ലെ സ.ഉ(പി)നം 8/2017/ഉഭപവ ഉത്തരവ് പ്രകാരവും, ശ്രീമതി. ഷംലാബീവി. പി.എസ് ന് 09.7.2020 മുതൽ 19.3.2021 വരെയുള്ള കാലയളവ് ആർജിതാവധിയ്ക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. ഷംലാബീവി. പി.എസ്, ഫുൾ ടൈം സ്വീപ്പർ, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് (സെക്രട്ടറി. റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.

സെക്രട്ടറി, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/282/2021-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ